catholicos@mosc.in
officeofthecatholicos@mosc.in

0481 - 2574323, 2578500
www.mosc.in

# The Malankara Orthodox Syrian Church

## CATHOLICATE OF THE EAST

**BASELIOS MARTHOMA MATHEWS III**
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM - 686 004
KERALA, INDIA

**No. MOSC/CMM/274/2023**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ചുമതലക്കാർക്കും, മെത്രാസന സെക്രട്ടറിമാർക്കും വാഴ്വ്!

പ്രിയരെ,
പ. സഭയുടെയും, സഭയോടനുബന്ധിച്ചുള്ള എല്ലാ സ്ഥാപനങ്ങളുടെയും, പ്രസ്ഥാനങ്ങളുടെയും, മെത്രാസനങ്ങളുടെയും 2024-25 ലെ ബജറ്റ് തയ്യാറാക്കുന്നതിനുള്ള സമയമായിരിക്കുന്നു. ആയതിനാൽ അതാതിന്റെ ചുമതലക്കാർ 01-04-2024 മുതൽ 31-03-2025 വരെയുള്ള സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്ന വരവുകളും ചെലവുകളും ഉൾക്കൊള്ളിച്ചുള്ള ബജറ്റ് തയ്യാറാക്കി, സമിതികളിൽ പാസ്സാക്കേണ്ടുന്നവ അതാത് സമിതികൾ കൂടി പാസ്സാക്കി, ഒപ്പും, പേരും, മുദ്രയും വച്ച് 2024 ജനുവരി 15-ാം തീയതിക്കകം നമ്മുടെ കാതോലിക്കേറ്റ് ഓഫീസിൽ കിട്ടത്തക്കവിധം അയച്ചുതരേണ്ടതാണ്. വരും വർഷത്തേയ്ക്കുള്ള ബജറ്റിനൊപ്പം ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ ഓരോ ഇനത്തിനും വകകൊള്ളിച്ചിട്ടുള്ള തുകയും 01-04-2023 മുതൽ 31-12-2023 വരെയുള്ള കാലയളവിലെ വരവ് ചെലവുകളും കൂടി ഇനം തിരിച്ച് കാണിക്കേണ്ടതാണ്. തന്നാണ്ടിലെ 9 മാസത്തെ ചെലവുകളുടെ ശരാശരി പരിഗണിച്ച് വർഷാവസാനം വരെയുണ്ടാകാവുന്ന ഏകദേശ ചെലവ് കണക്കാക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ അടുത്ത വർഷത്തേയ്ക്ക് എത്രമാത്രം വർദ്ധന/കുറവ് ആണ് വേണ്ടത് എന്ന് കണക്കാക്കി ബജറ്റ് തയ്യാറാക്കുകയും ചെയ്യണം. വരും വർഷത്തിൽ ഉണ്ടാകാവുന്ന ഭരണച്ചെലവുകൾ, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയൊക്കെയും കണക്കിലെടുക്കണം. ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഇനങ്ങളിലായി ചെലവുകൾ പരിമിതപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

ബി-ഷെഡ്യൂളിൽ ഉൾപ്പെട്ട സ്ഥാപനങ്ങളുടെയും, പ്രസ്ഥാനങ്ങളുടെയും ബജറ്റുകൾ 2024 ഫെബ്രുവരിയിൽ ചേരുന്ന പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ അവതരിപ്പിച്ച് പാസ്സാക്കേണ്ടതുകൊണ്ടും അതിനോടുചേർന്നുള്ള സഭാ മാനേജിംഗ് കമ്മറ്റിയിൽ സഭാ ഭരണഘടനപ്രകാരം മറ്റെല്ലാ ഷെഡ്യൂളുകളിലും ഉൾപ്പെട്ട സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും ബജറ്റുകൾ അച്ചടിച്ച് അവതരിപ്പിക്കേണ്ടതുകൊണ്ടും ചുമതലപ്പെട്ടവർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും സമയ ക്ലിപ്തത പാലിക്കുകയും ചെയ്യണമെന്ന് നാം നിർബന്ധപൂർവ്വം ആവശ്യപ്പെടുന്നു. അതാത് സ്ഥാപനങ്ങളും, പ്രസ്ഥാനങ്ങളും അവരുടെ വിലാസവും ബന്ധപ്പെടുവാനുള്ള ഫോൺ നമ്പറും രേഖപ്പെടുത്തേണ്ടതാണ്.

ബജറ്റ് തയ്യാറാക്കുന്നതിനുള്ള ഫോർമാറ്റ് ഇതോടൊപ്പം അയയ്ക്കുന്നു. വിശദ വിവരങ്ങൾക്ക് 9188952755, 0481 2578500, 2578499 എന്നീ നമ്പറുകളിലോ, churchaccounts@mosc.in എന്ന ഈ-മെയിൽ അഡ്രസ്സിലോ ബന്ധപ്പെടാവുന്നതാണ്.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ

2023 നവംബർ മാസം 14-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

# BUDGET FORMAT FOR THE YEAR 2024 - 2025

Name of the Diocese/Institution : ……………………………………………………………………………………………………………………………………….

Address: ………………………………………………………………………………………………………………………………………………………………

Please mention the Contact No: & Mail id for further Clarification : ……………………………………………………………………………………………………..

| **Reciepts** | | | | | **Payments** | | | | |
|---|---|---|---|---|---|---|---|---|---|
| Sl. No | Items | Previous Year Budget 2023 - 24 | Actual As on 31/12/2023 | Budget 2024 - 25 | Sl. No | Items | Previous Year Budget 2023 - 24 | Actual As on 31/12/2023 | Budget 2024 - 25 |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

Date: …………………………….

Place: …………………………….

Name& Signature of the Authorized Person